പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2993

20.12.2012 ൽ മറുപടിയ്ക്ക്

കൈവശഭൂമിക്കുള്ള നികുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.വി.ശ്രേയാംസ്കുമാർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളാരം കുന്ന് പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശഭൂമിക്ക് നികുതി സ്വീകരിക്കാത്തതിനു കാരണം വ്യക്തമാക്കുമോ; | എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 20 ൽ റീ.സ.നം.285, 286, 287 എന്നിവയിൽ ഉൾപ്പെടുന്ന ഭൂമി റീ സർവ്വെ റിക്കാർഡുകളിൽ റോഡ് പുറമ്പോക്കായി രേഖപ്പെടുത്തിയതിനാലാണ് നികുതി സ്വീകരിക്കാതിരുന്നത്. |
| ബി) | റീ സർവ്വേ രേഖകളിൽ വന്ന തെറ്റുകൾ തിരുത്തി ലഭിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ; | ബി) | താലൂക്കിലെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ബഹു.ശ്രേയാംസ് കുമാർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 2.6.12 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഈ കുടുംബങ്ങൾക്ക് ഭൂമി സംബന്ധമായ രേഖകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ഭൂമിക്ക് പട്ടയം നൽകുന്നതിനായി കക്ഷികളുടെ ആവശ്യാനുസരണം ഈ ഭൂമി മുൻ ജന്മിയുടെ പേരിലേക്ക് മാറ്റി, സർവ്വെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | പ്രസ്തുത കുടുംബങ്ങളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാനും അവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? ; | സി) | പട്ടയം നൽകുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ